## ഇരുൾച്ചിറകുകൾ


സുഗതകുമാരി

ഏതോ ഒരു അസംതൃപ്തിയുടെ സമ്മർദ്ദത്താൽ തികച്ചും അസ്വസ്ഥമായ ഹൃദയത്തിൽനിന്ന് ഊർന്നുവീഴുന്ന വരികളാണ് ഈ സമാഹാരത്തിലെ ഓരോ കവിതയും. നിസ്സഹായതയിൽ തുടങ്ങി നിസ്സഹായതയിൽത്തന്നെ അവസാനിക്കുന്ന മനുഷ്യശരീരത്തിന്റെ അവസ്ഥകൾ. പ്രേമഭാജനത്തെ ചൂഴ്ന്നുനിൽക്കുന്ന ഹൃദയവികാരങ്ങൾ. ദീപനാളത്തെ ചുറ്റുന്ന ശലഭങ്ങൾ. സൂര്യനെ വലംവച്ചു വണങ്ങുന്ന ഭൂമി - ഇങ്ങനെ പലതുമാണ് ഈ കവിതകളുടെ വിഷയം.

കവിയുടെ വികാരങ്ങളെ അനുവാചകനെക്കൂടി അനുഭവിപ്പിക്കുന്നത്ര സംവേദനക്ഷമതയാണ് ഈ രചനകൾക്കുള്ളത്.

dcb ഡി സി ബുക്സ്

കവിത

ISBN 81-264-1420-0

₹ 45.00

8M1 SUG/I
371




8M1 SUG/I
CASMTVK
371

College Library
71
UG/I

SBM 1 SUG/I
CASMTVK
371

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 371 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| 14-027 | | |
| 16 NOV 2015 | | |
| 15-039 | | |
| 1 JAN 2016 | | |
| 14-015 | | |
| 4 JUN 2016 | | |
| NT02 | | |
| 27/8/16 | | |
| 15-029 | | |
| 15 DEC 2016 | | |
| 30 JUN 2018 | | |
| 17-27 | | |
| 21 JUL 2018 | | |

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

Malayalam Language
**Irulchirakukal**
Poems
by **Sugathakumari**
Rights Reserved
First Published December 1969
First DCB edition November 2006
2nd impression November 2010

*Cover Design*
Suresh Soman

Printed in India
at D C Press (P) Ltd., Kottayam 686 012

*Publishers*
**D C Books**, Kottayam 686 001
Kerala State, India
website : www.dcbooks.com
e-mail : info@dcbooks.com
Online Bookstore : www.dcbookshop.net

*Distributors*
**D C Books-Current Books**
Thiruvananthapuram, Kollam, Thiruvalla, Alappuzha, Kottayam, Thekkady, Thodupuzha, Eranakulam, Cochin Airport, Aluva, Thrissur, Irinjalakuda Manjeri, Kozhikode, Kalpetta, Palakkad, Kannur, Thalassery, Kanhangad Bangalore, New Delhi, Dubai

Export Sales D C Press (P) Ltd., Kottayam, Kerala.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-264-1420-0

D C BOOKS - The first Indian Book Publishing House to get ISO Certification

**₹ 45.00**

687/10-11-Sl.No. 10477-dcb 3373-(2)2000-1400-11-10-ITC.16-p en-r(t) sd-d(t) sj

## എന്റെ കവിതയെപ്പറ്റി

(ആദ്യപതിപ്പിനെഴുതിയത്)

ഒരു പൂവ് വിരിയുന്നു. ഒരു കവിത ജനിക്കുന്നു. ബോധപൂർവമായ ഒരുദ്ദേശ്യവും പ്രത്യേകിച്ചില്ലാതെ, ലക്ഷ്യങ്ങളൊന്നുമില്ലാതെ, അനശ്വരതയെപ്പറ്റിയാതൊരു വ്യാമോഹവുമില്ലാതെ—പൂമൊട്ടിനു വിരിഞ്ഞേ കഴിയൂ, പക്ഷിക്കു പാടിയേ കഴിയൂ, തൊട്ടാവാടിച്ചെടിക്ക് വാടിയേ കഴിയൂ, തിരമാലയ്ക്ക് ആഹ്ലാദത്തോടെ സ്വയം ഉയർന്നടിച്ചു ചിതറിയേ കഴിയൂ. അതുപോലെതന്നെ, അത്രമേൽ സ്വാഭാവികമായി, ആത്മാർത്ഥമായി, ഞാൻ എഴുതുന്നു.

ഞാൻ എഴുതുമ്പോൾ വ്യക്തമായ ഒരു വിഷയമോ എഴുതേണ്ട വസ്തുതയുടെ ഒരു രൂപരേഖയോ എന്റെ മനസ്സിൽ ഉണ്ടായിരിക്കുക പതിവില്ല. ഇന്നകാര്യത്തെപ്പറ്റി എഴുതണം എന്നു മിക്കവാറും നേരത്തേ ചിന്തിച്ചുറപ്പിക്കാൻ കഴിയാറില്ല. ആന്തരികമായ ഏതോ ഒരസംതൃപ്തിയുടെ സമ്മർദ്ദത്താൽ തികച്ചും അസ്വസ്ഥമായ ഹൃദയത്തോടെ എന്തിനെപ്പറ്റി എഴുതുന്നു എന്നറിഞ്ഞുകൂടാതെ ഞാൻ എഴുതിത്തുടങ്ങുന്നു. എന്റെ പേന അറിയാതെ ഉതിർന്നുവീഴുന്ന വാക്കുകളെ, അപ്പോൾ മാത്രം നിർണ്ണയിക്കപ്പെടുന്ന ഏതെങ്കിലും ഒരു വൃത്തത്തിൽ ഒതുക്കിനിർത്തുന്നു. പെട്ടെന്നു വാക്കുകൾ ആശയങ്ങളായി രൂപംകൊള്ളുന്നു. അവയ്ക്കു ബന്ധവും പുരോഗതിയുമുണ്ടാകുന്നു. വിഷയം താനെ നിർണ്ണയിക്കപ്പെടുന്നു. ഓരോ വരിയും അടുത്ത വരിക്കു രൂപം നല്കുന്നു. അങ്ങനെ ആ പ്രക്രിയ അതിദ്രുതമായ ഒരു ഭാവരചനയായി മാറുന്നതോടെ ഒരു കവിത ജനിക്കുന്നു.

### പച്ചത്തിരകൾ

ഒരു പഴയ കവിതയെപ്പെറ്റി ഓർമ്മിക്കുകയാണ്. എന്റെ ജീവിതത്തിലെ അത്യധികം വേദനയും അസ്വാസ്ഥ്യവുമുള്ളൊരു കാലഘട്ടം. എന്തെങ്കിലും എഴുതിയേ തീരൂ എന്നു തോന്നിയ ഒരിരുണ്ട സായംകാലം. മുന്നിൽ ഒന്നുമില്ല. കണ്ണടച്ചിരുന്നു ധ്യാനിച്ചപ്പോൾ കണ്ടതു കടലാണ്. പച്ചത്തിരമാലകളാണ്. എലിയട്ടിന്റെ "I have seen them riding seaward on the waves" എന്ന വരികൾ ഓർമ്മയിൽ വന്നു.

അശ്രദ്ധമായി ഞാനിങ്ങനെ കുറിച്ചുതുടങ്ങി:
    കുതിച്ചുപൊങ്ങും തിരമാലകളുടെ
    പുറത്തുകേറിപ്പോകുമ്പോൾ
അടുത്തവരി ഞാനറിയാതെ ഇങ്ങനെയായി:
    ഝണൽ ഝണൽ ഝണനാദമുതിർക്കും
    മണിച്ചിലങ്ക മുഴങ്ങുമ്പോൾ—